**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5498** **03-11-2021 - ൽ മറുപടിയ്ക്ക്**

**മറവിരോഗം നിയന്ത്രിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മറവിരോഗം ബാധിക്കുന്നവരുടെ എണ്ണം ക്രമാതീതമായി ഉയരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് മറവിരോഗം ബാധിക്കുന്നവരുടെ എണ്ണം ക്രമാതീതമായി ഉയരുന്ന സാഹചര്യം നിലവിലില്ല. |
| (ബി) | പ്രസ്തുത രോഗം നിയന്ത്രിക്കുന്നതിന് പര്യാപ്തമായ രീതിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലാ ജനറൽ ആശുപത്രികളിലെയും ജനറൽ മെഡിസിൻ ഒ.പി യിലും ന്യൂറോ ഒ.പി ലഭ്യമായ സ്ഥലങ്ങളിലും അൾഷിമേഴ്സ് ഡിസീസിന് ചികിത്സ നൽകി വരുന്നു. എല്ലാ ജില്ലാ ജനറൽ ആശുപത്രികളിലെ സൈക്യാട്രിക് ഒ.പി.കളിലും ഡി.എം.എച്ച്.പി. ക്ലിനിക്കുകളും അൾഷിമേഴ്സ് രോഗത്തിനും മറവി രോഗത്തിന്റെ ഒരു വകഭേദമായ ഡിമെൻഷ്യക്കും ചികിത്സ നൽകി വരുന്നു. പ്രസ്തുത രോഗത്തിനെ പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാവുന്നതല്ല. ചികിത്സ വഴി രോഗത്തിന്റെ കാഠിന്യം കുറയ്ക്കാൻ സാധിക്കും. പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി പി.എച്ച്.സി. തലം മുതൽ ഇതിനുവേണ്ട പരിചരണവും കുടുംബാംഗങ്ങൾക്കു കൗൺസിലിംഗും നൽകി വരുന്നു. മെഡിക്കൽ കോളേജിലെ സൈക്യാട്രി ഡിപ്പാർട്ട്മെൻറിൻറെ കീഴിൽ ജീറിയാട്രിക് ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം വിപുലീകരിച്ച് മറവി രോഗികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ പുനരധിവാസത്തിനും മനോരോഗികളെ പരിചരിക്കുന്നവരുടെ ബുദ്ധിമുട്ട് കുറയ്ക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. വൃദ്ധ സദനങ്ങളിലേയും മറ്റ് പുനരധിവാസ കേന്ദ്രങ്ങളിലേയും ഇത്തരം രോഗികളെ പരിശോധിക്കുന്നതിനു വേണ്ടിയുള്ള ഇടപെടലുകൾ നടത്തുന്നതും പരിശോധിക്കുന്നതാണ്. ജനങ്ങൾക്ക് അവബോധം നൽകാൻ വേണ്ടി Alzehimer's Day |

| | | | |
|---|---|---|---|
| | | | September 1 ന് ആചരിക്കുകയും ആ ദിവസം പൊതുജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും അൾഷിമേഴ്സ് രോഗത്തെപ്പറ്റി ബോധവൽക്കരണം നടത്താനുള്ള പ്രഭാഷണങ്ങളും മീറ്റിംഗുകളും സോഷ്യൽ മീഡിയ വഴിയും ടി.വി. ആകാശവാണി മുതലായ മാധ്യമങ്ങളിലൂടെ നടത്താറുണ്ട്. |
| (സി) | രോഗികൾക്ക് വേണ്ടത്ര പരിചരണം നൽകുന്നതിന് നിലവിൽ ആശുപത്രികളിൽഉള്ള സംവിധാനം പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആശുപത്രികളിൽ മെമ്മറി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | രോഗികൾക്ക് പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയും ജറിയാട്രിക് ക്ലിനിക്ക് വഴിയും പരിചരണവും ചികിത്സയും കുടുംബാംഗങ്ങൾക്ക് കൗൺസിലിംഗും നൽകി വരുന്നു. എറണാകുളം ജില്ലയിൽ അൾഷിമേഴ്സ് രോഗം ബാധിച്ചവരുടെ ചികിത്സയ്ക്കും സുരക്ഷിത ജീവിതം ഉറപ്പാക്കുന്നതിനും വേണ്ടി ജില്ലാ ഭരണകൂടവും കൊച്ചിൻ യൂണിവേഴ്സിറ്റി സെന്റർ ഫോർ ന്യൂറോ സയൻസും ചേർന്ന് ഉദ്ബോധ് എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു മെമ്മറി ക്ലിനിക്ക് ജനറൽ ആശുപത്രിയിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ